**പതിമൂന്നാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3538 | 18.02.2013 ൽ മറുപടിയ്ക്ക് |
|---|---|
| **ആധുനിക മോഡൽ അംഗനവാടികൾ** | |
| **ചോദ്യം** | **ഉത്തരം** |
| **ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>'' ഐ.സി. ബാലകൃഷ്ണൻ<br>'' എ.റ്റി. ജോർജ്<br>'' ആർ. സെൽവരാജ്** | **ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും<br>വകുപ്പു മന്ത്രി)** |
| (എ) സംസ്ഥാനത്ത് ആധുനിക മോഡൽ അംഗനവാടികൾ തുടങ്ങുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) ഉണ്ട്. 140 നിയോജക മണ്ഡലങ്ങളിൽ നിലവിലുള്ള ഓരോ അംഗനവാടിയെയും മാതൃകാ അംഗൻവാടിയായി ഉയർത്താൻ പദ്ധതി രൂപീകരിച്ചിട്ടുണ്ട്. സ്വന്തമായി 10 സെന്റ് സ്ഥലവും എം.എൽ.എ യുടെ , ഫണ്ടും ലഭ്യമാകുന്നവ-യെയാണ് നിശ്ചിത മാനദണ്ഡപ്രകാരം ഇതിനായി തെരഞ്ഞെടുക്കുന്നത്. |
| (ബി) പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തൊക്കെയാണ് ; വിശദാംശം വ്യക്തമാക്കുമോ; | (ബി) & (സി) മാതൃകാ അംഗൻവാടി കെട്ടിടത്തിൽ ക്ലാസ്റൂം, ഡൈനിംഗ് റൂം, റീഡിംഗ് റൂം, മുതിർന്ന സ്ത്രീകളുടെ പകൽ പരിപാലന ഹാൾ, ഫീഡിംഗ് റൂം, ശിശു സൗഹൃദ ടോയിലറ്റ്, സ്ത്രീ സൗഹൃദ ടോയിലറ്റ്, കുടിവെള്ള സൗകര്യം, ചുറ്റുമതിൽ, ഇലക്ട്രിഫിക്കേഷൻ തുടങ്ങിയ സൗകര്യങ്ങൾ ഉണ്ടായിരിക്കുന്നതാണ്. അതോടൊപ്പം വൃദ്ധരായ സ്ത്രീകളുടെ പകൽ പരിപാലനവും കൗമാര പ്രായക്കാരായ പെൺകുട്ടികൾക്കായുള്ള സേവനങ്ങളും മാതൃകാ അംഗനവാടിയുടെ ലക്ഷ്യങ്ങൾ ആണ്. |
| (സി)എന്തെല്ലാം സൗകര്യങ്ങളാണ് പദ്ധതിയനുസരിച്ച് അംഗനവാടികളിൽ ഒരുക്കാനുദ്ദേശിക്കുന്നത്, വിശദമാക്കുമോ; | |
| (ഡി) ഈ പദ്ധതിയുടെ അടങ്കൽ തുക എത്രയാണ്; വിശദാംശം നൽകുമോ; | (ഡി) ഒരു മാതൃകാ അംഗൻവാടിയുടെ അടങ്കൽ തുക 23.75 ലക്ഷം രൂപയാണ്. ഇതിൽ എം.എൽ.എ യുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്നും 6.75/- ലക്ഷം രൂപയും സാമൂഹ്യനീതി വകുപ്പിന് സപ്ലിമെന്ററി ന്യൂട്രീഷൻ പ്രോഗ്രാമിനത്തിൽ കേന്ദ്രസഹായമായി ലഭിച്ചതിൽ ബാക്കിയുള്ള വിഹിതത്തിൽ നിന്ന് 17 ലക്ഷം രൂപയും ഇതിനായി വകയിരുത്തിയിട്ടുണ്ട്. |
| (ഇ) പദ്ധതി നടത്തിപ്പിനായി, എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദമാക്കുമോ? | (ഇ) മാതൃകാ അംഗൻവാടി നിർമ്മാണത്തിനുള്ള ശുപാർശ സമർപ്പിക്കാൻ എല്ലാ എം.എൽ.എ മാരോടും അഭ്യർത്ഥിച്ചിട്ടുണ്ട്. നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം 57 അംഗൻവാടികൾക്ക് നിർമ്മാണത്തിനുള്ള ഭരണാനുമതി നൽകി ക്കഴിഞ്ഞു. നിർമ്മാണ പ്രവർത്തനത്തിന് കിറ്റ്കോ-യെ ഏൽപ്പിക്കുന്നതിനുള്ള കരാർ ഒപ്പുവച്ചിട്ടുമുണ്ട്. |

**സെക്ഷൻ ഓഫീസർ**